ഇടുക്കി, തിരുവനന്തപുരം ജില്ലകളിലേക്കായി റവന്യൂ വകുപ്പിൽ 4 ഡെപ്യൂട്ടി കളക്ടർമാരുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. പ്രസ്തുത നിയമ പ്രകാരം ഭൂമി അനുവദിക്കുന്നതിന്റെ പുരോഗതി വിലയിരുത്തുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിൽ ഒരു ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി യിട്ടുണ്ട്. വനാവകാശ നിയമം മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുന്ന തിനും നിയമത്തെക്കുറിച്ച് ആദിവാസികൾക്കിടയിൽ അവബോധമുണ്ടാക്കുന്ന തിനും ആകാശവാണിയിലൂടെ ലഘുപ്രക്ഷേപണം നടത്തുകയും ഒരു ചലച്ചിത്രം നിർമ്മിക്കുകയും ചെയ്തു. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിലെ ഉദ്യോഗസ്ഥർ, പട്ടികവർഗ്ഗ പ്രമോട്ടർമാർ, വനാവകാശ കമ്മിറ്റി അംഗങ്ങൾ, ഊരുമൂപ്പൻമാർ എന്നിവർക്ക് കിർത്താർഡ്സ്, 'കില' എന്നീ സ്ഥാപനങ്ങൾ മുഖേന പരിശീലനം നൽകി.

(ബി) 2005 ഡിസംബർ 13-നോ അതിനുമുമ്പോ വനഭൂമി കൈവശം വച്ചിട്ടുള്ള ആദിവാസികൾക്ക് ഭൂമിയുടെ അവകാശം അനുവദിച്ച് രേഖകൾ നൽകുക എന്നുള്ളതാണ് വനാവകാശ നിയമം കൊണ്ടുദ്ദേശിക്കുന്നത്. പട്ടികവർഗ്ഗ ഗോത്രങ്ങളും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശ ങ്ങൾ അംഗീകരിക്കൽ) ആക്ട് 2006-ന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ആലപ്പുഴ, കാസർഗോഡ് ജില്ലകളൊഴികെ മറ്റെല്ലാ ജില്ലകളിലും പ്രസ്തുത നിയമം നടപ്പിലാക്കുന്നതിന് പ്രത്യേക കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ചില പട്ടികവർഗ്ഗ കോളനികളിൽ മഴക്കാലത്തും കുടിവെള്ളത്തിന് ദൗർലഭ്യം നേരിടുന്ന അവസരങ്ങളിലും പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്.

(എഫ്) പകർച്ചവ്യാധികൾ പടർന്ന് പിടിക്കുന്നത് ഒഴിവാക്കാൻ പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അലോപ്പതി/ആയുർവേദ മെഡിക്കൽ യൂണിറ്റുകളുടെയും ആരോഗ്യ വകുപ്പിന്റെയും സഹായത്തോടെ മെഡിക്കൽ ക്യാമ്പുകൾ നടത്തി വരുന്നുണ്ട്.

## എസ്.സി./എസ്.ടി. വിഭാഗങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം

**119 (5524)** ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്. സി./എസ്. ടി. വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ഡിഗ്രി കോഴ്സുകൾക്കും മറ്റ് പ്രൊഫഷണൽ കോഴ്സുകൾക്കും നൽകി വരുന്ന വിദ്യാഭ്യാസ ധനസഹായം എത്രയെന്ന് വെളിപ്പെടുത്തുമോ ; ഇതിൽ കുടിശ്ശികയുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

* അനുബന്ധം ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്വാശ്രയകോഴ്സുകൾക്കും മറ്റ് സഹകരണ കോളേജുകളിലും നൽകി വരുന്ന വിദ്യാഭ്യാസ ധനസഹായം എത്രയെന്ന് വെളിപ്പെടുത്തുമോ ;

(സി) വിദ്യാഭ്യാസ ധനസഹായം കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര രൂപയുടെ വർദ്ധനയാണ് വിദ്യാഭ്യാസ ധനസഹായത്തിൽ വരുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹതവിഭാഗം വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ്, പോക്കറ്റ് മണി എന്നിവയുടെ വിശദാംശങ്ങളടങ്ങുന്ന 1-2-2008-ലെ സ.ഉ.(കൈ) നമ്പർ 20/2008/പ.ജ.പ.വ.വി.വ. അനുബന്ധമായി ചേർത്തിട്ടുണ്ട്. പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്ഥാപനത്തിനോട് ചേർന്ന് ഹോസ്റ്റൽ സൗകര്യം ഇല്ലെങ്കിൽ ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്നതിന് 1,500 രൂപ പ്രതിമാസ സ്റ്റൈപ്പന്റ് നൽകിവരുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഹോസ്റ്റലുകളിലും അംഗീകൃത ഹോസ്റ്റലുകളിലും താമസിക്കുന്ന വിദ്യാർത്ഥികൾക്ക് യഥാർത്ഥ താമസ ഭക്ഷണ ചെലവ് അനുവദിച്ചു വരുന്നു. പട്ടികജാതി വികസന വകുപ്പിന്റെ 2009-10 വർഷം മുതൽ ഇ-ഗ്രാന്റ്സ് പദ്ധതി നിലവിൽ വന്നതിനുശേഷം വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ് അതാത് മാസം എ.ടി.എം. വഴി ലഭിക്കുന്നതിനാൽ വിദ്യാഭ്യാസാനുകൂല്യയിനത്തിൽ കുടിശ്ശിക നൽകാനില്ല. എന്നാൽ പട്ടികവർഗ്ഗ വികസന വകുപ്പിൽ 14,96,715 രൂപ കുടിശ്ശികയുണ്ട്. സ്ഥാപനത്തിൽനിന്നും മെസ് ചാർജ്ജിനത്തിലുള്ള വിവരങ്ങൾ ലഭിക്കാത്തതിനാലാണ് കുടിശ്ശിക വന്നത്.

(ബി) സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും സഹകരണ സ്ഥാപനങ്ങളിലും നടത്തുന്ന സ്വാശ്രയ കോഴ്സുകൾക്ക് മെരിറ്റ്/റിസർവേഷൻ ക്വാട്ടയിൽ പ്രവേശനം നേടുന്ന പട്ടികവിഭാഗ വിദ്യാർത്ഥികൾക്ക് 1-2-2008-ലെ സ.ഉ. (എം എസ്.) നമ്പർ 20/08/പജപവവിവ. പ്രകാരം ലംപ്സംഗ്രാന്റും സ്റ്റൈപ്പന്റും നൽകുന്നു. ട്യൂഷൻ ഫീസ്, പരീക്ഷ ഫീസ്, സ്പെഷ്യൽ ഫീസ് എന്നീ ആനുകൂല്യങ്ങളും വിദ്യാർത്ഥികൾക്ക് നൽകിവരുന്നു. സ്വാശ്രയ കോഴ്സുകൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ, ഡി.എം.ഇ., ഡി.എച്ച്.എസ്., നഴ്സിംഗ് കൗൺസിൽ തുടങ്ങിയ സർക്കാർ അംഗീകൃത ഏജൻസികൾ തയ്യാറാക്കിയ റാങ്ക്ലിസ്റ്റിൽനിന്നും പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ/സർക്കാർ ഏജൻസി/യൂണിവേഴ്സിറ്റി തുടങ്ങിയവ നിശ്ചയിക്കുന്ന ഫീസും ലംപ്സംഗ്രാന്റും സ്റ്റൈപ്പന്റും നൽകിവരുന്നു. സർക്കാർ അംഗീകൃത ഹോസ്റ്റലിൽ താമസിക്കുന്നവർക്ക് യഥാർത്ഥ താമസ ഭക്ഷണ ചെലവും 100, 120 രൂപ നിരക്കിൽ പോക്കറ്റ് മണിയും നൽകുന്നു. പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്ഥാപനത്തിനോട് ചേർന്ന് ഹോസ്റ്റൽ സൗകര്യം ഇല്ലെങ്കിൽ ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്നതിന് 1500 രൂപ പ്രതിമാസ സ്റ്റൈപ്പന്റ് നൽകി വരുന്നു. സർക്കാർ കോളേജുകളിൽ നൽകിവരുന്ന എല്ലാ ആനുകൂല്യങ്ങളും സഹകരണ കോളേജുകളിലും നൽകി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1-4-2008 പ്രാബല്യത്തിലാണ് വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിച്ചത്. അതിനാൽ ഉടനെയൊരു വർദ്ധനവ് പരിഗണനയിലില്ല.

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം 1-2-2008-ലെ സ.ഉ. (എം എസ്.) നമ്പർ 20/08/പജ.പവ.വിവ. പ്രകാരം സംസ്ഥാനത്തെ പ്രീ-മെട്രിക്/പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങളുടെ നിരക്കിൽ 50% വർദ്ധനവ് വരുത്തി 1-4-2008 മുതൽ പ്രാബല്യം നൽകി ഉത്തരവായിട്ടുണ്ട്.

**പട്ടികവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കാൻ നടപടി**

120 (5525) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എ.ടി.എം. വഴി ആക്കിയതിനുശേഷം തുക കൃത്യമായി കിട്ടാതെ വരുകയും തന്മൂലം പഠനം മുടങ്ങുന്നതുമായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നു എന്നു ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പോസ്റ്റ്മെട്രിക് തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അർഹമായ ആനുകൂല്യം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ എ.ടി.എം. കൗണ്ടറുകൾ മുഖേന ലഭ്യമാക്കുന്നതിനായി സ്ഥാപനത്തിന് ലഭിക്കേണ്ട തുക സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നു. തന്മൂലം സ്ഥാപനമേധാവികൾക്ക് വിദ്യാഭ്യാസാനുകൂല്യം വൈകിക്കുന്നതിനോ ക്രമക്കേട് കാണിക്കുന്നതിനോ കഴിയുകയില്ല. വിദ്യാർത്ഥി സ്ഥാപനത്തിൽ പ്രവേശിച്ച് 5 ദിവസത്തിനകം ആനുകൂല്യത്തിനുള്ള അപേക്ഷയും ബാങ്ക് അക്കൗണ്ട് അപേക്ഷയും ഒരുമിച്ച് നൽകുന്നതിനാൽ വിദ്യാർത്ഥികൾക്ക് അക്കൗണ്ട് തുടങ്ങി ആനുകൂല്യം വേഗത്തിൽ ലഭിക്കുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly